ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 30.06.2025**

## പ്രധാനവാർത്തകൾ

1. ഗ്രാമീണ മേഖലകളിൽ മൃഗസംരക്ഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2. സംസ്ഥാന പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖറിനെ നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.
നിലവിലെ മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് ഇന്ന് വിരമിക്കും.

3. ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പ്രദർശന അനുമതി നിഷേധിച്ചതിനെതിരെയുള്ള ഹർജി ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും.

4. തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഉപകരണങ്ങളുടെ കുറവുമൂലം ശസ്ത്രക്രിയകൾ മുടങ്ങിയെന്ന ആരോപണത്തിൽ പ്രതിഷേധം ശക്തം;
വിഷയത്തിൽ നാലംഗ സമിതിയുടെ അന്വേഷണം തുടങ്ങി.

5. കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവ .വനിത കോളേജിന്റെ സുവർണ്ണ ജൂബിലി അഘോഷങ്ങൾ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

RNUTVPM

6. കണ്ണൂരിൽ നടക്കുന്ന സംസ്ഥാന ജൂനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന്.

*****************************************************

## രാഷ്ട്രപതി

ഗ്രാമീണ മേഖലകളിൽ മൃഗസംരക്ഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഉത്തർപ്രദേശിലെ ബറേലിയിൽ ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂറ്റിന്റെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. കർഷകരുടെ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തവയാണ് കന്നുകാലികളെന്നും അവയുടെ സംരക്ഷണം നമ്മളോരോരുത്തരുടേയും കർത്തവ്യമാണെന്നും രഷ്ട്രപതി ഓർമിപ്പിച്ചു .

*****************************************************

## മന്ത്രിസഭായോഗം -പൊലീസ് മേധാവി

സംസ്ഥാന പോലീസ് മേധാവിയായി റവാഡ ചന്ദ്രശേഖറിനെ നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. അദ്ദേഹം നാളെ ചുമതല ഏൽക്കും 1991 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനാണ്. നിലവിൽ ഡൽഹി ഇന്റലിജൻസ് ബ്യൂറോയിൽ സ്പെഷ്യൽ ഡയറക്ടറാണ്. കൂത്തുപറമ്പ് വെടിവെയ്പ് സമയത്ത് തലശ്ശേരി എ എസ് പി ആയിരുന്നു .

*****************************************************

## യാത്രയയപ്പ് (ഇൻട്രോ)

സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് ഇന്ന് വിരമിക്കും. 1991 ബാച്ച് കേരള കേഡർ ഐ പി എസ്

RNUTVPM

ഉദ്യോഗസ്ഥനാണ് അദ്ദേഹം രണ്ട് വർഷം പോലീസ് മേധാവിയായി സേവനം അനുഷ്ഠിച്ചു. വിശിഷ്ടസേവനത്തിന് 2016 ൽ രാഷ്ട്രപതിയുടെ പോലീസ് മെഡലും, 2007 ൽ ഇന്ത്യൻ പോലീസ് മെഡലും ലഭിച്ചിട്ടുണ്ട്. വിരമിക്കുന്ന സംസ്ഥാന പോലീസ് മേധാവിക്ക് യാത്രയയപ്പു നൽകുന്നതിന്റെ ഭാഗമായി തിരുവനന്തപുരം എസ്.എ.പി ഗ്രൗണ്ടിൽ പോലീസ് സേനയുടെ പരേഡ് നടന്നു. തുറന്ന ജീപ്പിൽ പരേഡ് വീക്ഷിച്ച പൊലീസ് മേധാവി പരേഡിന് അഭിവാദ്യം സ്വീകരിച്ചു. കേരള പോലീസിൻറെ ഔദ്യോഗിക യാത്രയയപ്പു ചടങ്ങ് ഉച്ചയ്ക്ക് പോലീസ് ആസ്ഥാനത്ത് നടക്കും. കേരള പോലീസിലെ ഓരോ ഉദ്യോഗസ്ഥരും കാര്യശേഷിയും അർപ്പണ മനോഭാവവും ഉള്ളവരാണെന്ന് ഡി ജി പി വിരമിക്കൽ പ്രസംഗത്തിൽ പറഞ്ഞു.

(വോയ്സ്)

RNU TVPM

***********************************************************

## കോൺഗ്രസ് ധർണ- മെഡിക്കൽ കോളേജ്

സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ പ്രതിസന്ധി ഉണ്ടായെന്നാരോപിച്ച് കോൺഗ്രസിന്റെയും യൂത്ത് കോൺഗ്രസിന്റെയും നേതൃത്വത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. പ്രതിഷേധ മാർച്ച് കോൺഗ്രസ് നേതാവ് കെ മുരളീധരൻ ഉദ്ഘാടനം ചെയ്യു. കോൺഗ്രസ് പ്രവർത്തകർ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ഓഫീസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചുതിനെ തുടർന്ന് പോലീസും പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായി. ആം ആദ്മി പ്രവർത്തകരും പ്രതിഷേധവുമായി എത്തി. അതേ സമയം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രതിസന്ധി അന്വേഷിക്കാൻ സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷൻ തിരുവനന്തപുരം മെഡിക്കൽ കോളജിൽ എത്തി. തുടർന്ന് നാലംഗ അന്വേഷണ സംഘം മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ

മൊഴിയെടുത്തു. യൂറോളജി വകുപ്പ് മേധാവി ഹാരിസ് ചിറക്കൽ ഉന്നയിച്ച ആരോപണമാണ് അന്വേഷണവിധേയമാക്കുന്നത്.

*******************************************

## ധർണ-ആരോഗ്യമേഖല

ആരോഗ്യ മേഖലയിൽ അനാസ്ഥ തുടരുകയാണെന്നാരോപിച്ച് മെഡിക്കൽ കോളജുകൾക്ക് മുന്നിൽ നാളെ ധർണ്ണ നടത്തുമെന്ന് KPCC അറിയിച്ചു.ജൂലൈ മൂന്നിന് സംസ്ഥാനത്തെ എല്ലാ DMO ഓഫീസുകളിലേക്കും യൂത്ത് ലിഗ് പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും അറിയിച്ചു.

*******************************************

## ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള

ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ പ്രദർശന അനുമതി നിഷേധിച്ചതിനെതിരെയുള്ള ഹർജി ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും. ജാനകിയെന്ന പേര് മാറ്റണമെന്ന തീരുമാനത്തിന്റെ പകർപ്പ് കോടതി നിർദേശപ്രകാരം സെൻസർ ബോർഡ് ഇന്ന് ഹാജരാക്കും. സിനിമ പതിനാറ് വയസിന് താഴെയുള്ള കുട്ടികൾക്ക് കാണുന്നതിന് വിലക്കുണ്ടെന്നും, മതവിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നമുണ്ടെന്നുമാണ് സെൻസർ ബോർഡിന്റെ നിലപാട്. അതിനിടെ, കേന്ദ്ര സെൻസർ ബോർഡിൻറെ തീരുമാനത്തിൽ പ്രതിഷേധിച്ച് തിരുവനന്തപുരം സെൻസർ ബോർഡ് ഓഫീസിലേക്ക് സിനിമാ പ്രവർത്തകർ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു.

*******************************************

PRDTVPM

## സുവർണ്ണ ജൂബിലി

കണ്ണൂർ പള്ളിക്കുന്നിലെ കൃഷ്ണമേനോൻ സ്മാരക ഗവ .വനിത കോളേജിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണ്ണ ജൂബിലി അഘോഷങ്ങൾക്ക് ഇന്ന് തുടക്കമാവും. വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഉത്തരമലബാറിലെ ഏക സർക്കാർ വനിത കോളേജാണ് കണ്ണൂർ പള്ളിക്കുന്നിലെ കൃഷ്ണമേനോൻ സ്മാരക വനിത കോളേജ്. മൂന്ന് കോടി 70 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനവും ഇന്ന് മുഖ്യമന്ത്രി നിർവഹിക്കും.

*********************************************

## നവജാത ശിശു-മരണം

തൃശ്ശൂർ പുതുക്കാട് നവജാത ശിശുക്കളുടെ കൊലപാതകത്തിൽ കൂടുതൽ ശാസ്ത്രീയ പരിശോധനയ്ക്കും തെളിവെടുപ്പിനും ഒരുങ്ങി പോലീസ്. ഫോറൻസിക് തെളിവ് ശേഖരണത്തിന്റെ ഭാഗമായി കുട്ടികളുടെ മൃതദേഹം മറവ് ചെയ്ത സ്ഥലങ്ങളിൽ കുഴിയെടുത്ത് വീണ്ടും പരിശോധന നടത്തുകയാണ് അന്വേഷണ സംഘം. കുട്ടികളുടെ മാതാപിതാക്കൾ നേരത്തെ കുറ്റം സമ്മതിച്ചിരുന്നു. മാതാവ് അനീഷയുടെ വീട്ടിലെത്തി ഉദ്യോഗസ്ഥർ ഇന്ന് പരിശോധന നടത്തി. പിതാവ് ഭവിൻറെ വീട്ടിൽ ഉച്ചയ്ക്കുശേഷം പരിശോധന നടത്തും. ഇന്ന് വൈകിട്ടോടെ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യാനാണ് അന്വേഷണസംഘത്തിന്റെ തീരുമാനം.

RNU TVPM

*********************************************

## അദാലത്ത്

പൊതുജനങ്ങളുടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഫയൽ അദാലത്ത് നാളെ മുതൽ ഓഗസ്റ്റ് 31 വരെ നടക്കും.

ഇതിനായുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. ഈ വർഷം മെയ് 31 വരെയുള്ള ഫയലുകൾ വേഗത്തിൽ തീർപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

********************************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

(ബ്രേക്ക്)

********************************************

## വടകര

വടകര മുൻസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോപ്ലക്സ് വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. 15 കോടി രൂപ ചെലവിലാണ് നാല് നിലകളായി സമുച്ചയം നിർമ്മിച്ചത്. ചടങ്ങിൽ മന്ത്രിമാരായ PA മുഹമ്മദ് റിയാസും, AK ശശീന്ദ്രനും പങ്കെടുക്കും.

RNU TVPM

********************************************

## വി.എസ്.അച്യുതാനന്ദൻ

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻറെ നില ഗുരുതരമായി തുടരുന്നുവെന്ന് മെഡിക്കൽ ബുള്ളറ്റിൻ. മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെങ്കിലും രക്തസമ്മർദ്ദവും വൃക്കകളുടെ പ്രവർത്തനവും സാധാരണ നിലയിലായിട്ടില്ലെന്ന് ഡോക്ടർമാർ അറിയിച്ചു. ഈ മാസം 23 നാണ് വി.എസിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

********************************************

## കൊട്ടിയൂർ വൈശാഖ മഹോത്സവം (ഇൻട്രോ)

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങായ മകം കലം വരവ് ഇന്ന്. ഉച്ചവരെയാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ..**

(വോയ്സ്)

*****************************************************

## പ്രതിഷേധം-തൃശ്ശൂർ

റോഡിലെ കുഴിയിൽ നിന്നും സ്കൂട്ടർ വെട്ടിച്ചു മാറ്റുന്നതിനിടെ യുവാവ് ബസ് തട്ടി മരിച്ച സംഭവത്തിൽ തൃശ്ശൂർ കോർപ്പറേഷനിൽ പ്രതിപക്ഷ അംഗങ്ങളുടെ പ്രതിഷേധം. കോർപ്പറേഷൻ റോഡുകളുടെ ശോചാവസ്ഥയിലും പ്രതിഷേധിച്ചാണ് സമരം.

*****************************************************

## ജൂനിയർ വനിതാ ഫുട്ബോൾ

കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാന ജൂനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് ആരംഭിക്കും. വൈകുന്നേരം മൂന്ന് മണിക്ക് കാസർഗോഡ് മലപ്പുറത്തെയും 4.30ന്,കണ്ണൂർ തൃശ്ശൂരിനെയും നേരിടും.

*****************************************************

## ഐ ആർ സി ടി സി

RNU TVPM

IRCTC വെബ്സൈറ്റിലും മൊബൈൽ ആപ്പിലും തത്ക്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ ആധാർ അധിഷ്ഠിത സ്ഥിരീകരണം നാളെ മുതൽ നിലവിൽ വരും. ജൂലൈ അവസാനം മുതൽ തത്ക്കാൽ ബുക്കിംഗുകൾക്ക് OTP സ്ഥിരീകരണവും ഏർപ്പെടുത്തും. ഈ വർഷം അവസാനത്തോടെ മിനിറ്റിൽ ഒന്നര ലക്ഷത്തിലേറെ ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്ന പുതിയ റിസർവേഷൻ സംവിധാനം നിലവിൽവരുമെന്നും റെയിൽവെ കേന്ദ്രങ്ങൾ അറിയിച്ചു.

*******************************************

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തോടെയാണ് വ്യാപാരം ആരംഭിച്ചത്. സെൻസെക്സ് 344 പോയിൻറ് കുറഞ്ഞ് 83,715 ലും നിഫ്റ്റി 89 പോയിന്റ് താഴ്ന്ന് 25,549 ലും വ്യാപാരം തുടരുന്നു. സ്വർണം പവന് 120 രൂപ കുറഞ്ഞ് 71,320 രൂപയും ഗ്രാമിന് 8915 രൂപയുമാണ് ഇന്നത്തെ വില .

RNU TVPM

*******************************************

## കാട്ടാന

വയനാട് മേപ്പാടി പുഴമൂലയിൽ വീണ്ടും കാട്ടാന ഇറങ്ങി. കാപ്പിക്കാട് ജനവാസ മേഖലയിൽ ഇറങ്ങിയ കാട്ടാന പ്രദേശത്ത് വ്യാപക കൃഷി നാശവും വരുത്തി. ഇന്ന് രാവിലെയാണ് രണ്ടു കാട്ടാനകൾ ഇറങ്ങിയത്

*******************************************

## സപ്ലിമെന്ററി അലോട്ട്മെൻറ്

വൊക്കേഷണൽ ഹയർ സെക്കൻഡറി അലോട്ട്മെന്റിൽ, സീറ്റ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ

കഴിയാതിരുന്നവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് വൈകിട്ട് വരെ അപേക്ഷിക്കാം. മുഖ്യഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചിട്ട് പ്രവേശനത്തിന് ഹാജരാകാത്തവർക്കും ഈ ഘട്ടത്തിൽ വീണ്ടും അപേക്ഷിക്കാം.

*******************************************************

## അവലോകന യോഗം

സംസ്ഥാന മന്ത്രിസഭാ വാർഷികത്തിന്റെ ഭാഗമായി നാല് ജില്ലകളുടെ മേഖലാതല അവലോകന യോഗം നാളെ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ വനിതാ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തും.

*****************************************************************************************************************

*******************************************************

RNU TVPM